(ഡി) ഇതിനായി എന്തുതുക കേന്ദ്ര സഹായമായി ലഭിക്കുമെന്ന് കണക്കാക്കുന്നു ;

(ഇ) ഇവിടെ അധിക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം ഇതുവരെ എന്തുതുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തുറമുഖ വകുപ്പിന്റെ പദ്ധതി ഫണ്ട് ഉപയോഗിച്ച് റെയിൽ മൗണ്ടഡ് ക്രയിൻ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

(ബി) 58.3 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൻ പ്രകാരം തുറമുഖത്തിലേയ്ക്കുള്ള അപ്രോച്ച് റോഡ് വീതി കൂട്ടലും, ചുറ്റുമതിൽ നിർമ്മാണവും നടപ്പാക്കുന്നതിനുപുറമേ ട്രാൻസിറ്റ്ഷെഡ്, ഇലക്ട്രിഫിക്കേഷൻ, യാർഡ് ലൈറ്റിംഗ്, വാട്ടർ സപ്ലൈ, സാനിട്ടേഷൻ സൗകര്യങ്ങൾ എന്നിവ ഏർപ്പാടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) 233.30 ലക്ഷം രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയല്ല. സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്.

(ഇ) പ്രവൃത്തി ഏർപ്പാടാക്കി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ചെലവ് വരികയുള്ളു.

മാരിടൈം ഡവലപ്പ്മെന്റ് ബോർഡിന്റെ ഘടനയും പ്രവർത്തന രീതികളും

232 (5122) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറൈൻ സെക്ടറിലെ വർദ്ധിച്ചുവരുന്ന തൊഴിൽ അവസരങ്ങൾക്കനുസൃതമായി സംസ്ഥാനത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകൾ സംസ്ഥാനത്ത് എവിടെയൊക്കെ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) സംസ്ഥാനത്തെ മാരിടൈം വികസനത്തിന്റെ ഏകോപന പ്രവർത്തനത്തിനായി ഒരു മാരിടൈം ഡെവലപ്മെന്റ് ബോർഡ് സ്ഥാപിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ബോർഡിന്റെ ഘടനയും പ്രവർത്തന രീതികളും എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ഇ) സംസ്ഥാനത്തെ മാരിടൈം വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനാണ് പ്രസ്തുത ബോർഡ് സ്ഥാപിക്കുന്നതിലൂടെ സാധ്യമാകുന്നത് ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ നീണ്ടകരയിലും, കാസർഗോഡ് ജില്ലയിലെ മീഞ്ചയിലും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ നീണ്ടകരയിൽ തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്താണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത്. കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലവും, പഞ്ചായത്ത് സ്ഥലത്തിനോട് ചേർന്ന് നിൽക്കുന്ന പുറമ്പോക്ക് സ്ഥലവും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യത്തിലേക്കായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ വാടക കെട്ടിടത്തിലാണ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്.

ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിനായി ഒരു സൊസൈറ്റി രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതുപ്രകാരം കേരള മാരിടൈം സൊസൈറ്റി എന്ന സ്ഥാപനം 2009 വർഷത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നടത്താൻ ഉദ്ദേശിക്കുന്ന കോഴ്സുകൾക്ക് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അംഗീകാരം ആവശ്യമാണ്. പ്രസ്തുത അംഗീകാരം ലഭിക്കുന്നതിനായി ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൊല്ലം ജില്ലയിലെ നീണ്ടകരയിലും, കാസർഗോഡ് ജില്ലയിലെ മീഞ്ചയിലുമാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിച്ചിട്ടുള്ളത്.

(സി) കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ നിർദ്ദേശം സംസ്ഥാന സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) പ്രസ്തുത ബോർഡിന്റെ ഘടനയും പ്രവർത്തന രീതികളും സംബന്ധിച്ച കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഇ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിയാണ് മാരിടൈം ബോർഡ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ സംസ്ഥാനത്തെ മാരിടൈം വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും, തീരസംരക്ഷണത്തിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും മാരിടൈം ബോർഡ് ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly